LIBRARY ARCHIVES Kerala Legislative Assembly

ഐ.ആർ.2/313/18 നമ്പർ ഫയലിൽ മിനിമം ലാൻഡ് അക്വിസിഷൻ നടത്തി സർക്കാർ ഭൂമിയിലൂടെതന്നെ റോഡ് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കോടതി നടപടികളിൽ തീർപ്പുണ്ടാകാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) അപ്രോച്ച് റോഡ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

&

(ഇ) സാങ്കേതിക പ്രശ്നങ്ങളും മറ്റ് കാലതാമസങ്ങളും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത പ്രസ്തുത കേസ് (നം.ഒ.എസ്.104/2016) നിലവിൽ 07-12-2019-ലെ ഒ.എസ്. 215/2019 നമ്പരായി കോതമംഗലം മുൻസിഫ് കോടതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിസ്താരത്തിനായി 21-10-2021-ന് ഷെഡ്യൂൾ ചെയ്തിട്ടുള്ള പ്രസ്തുത കേസ് ഇതുവരെ തീർപ്പാക്കിയിട്ടില്ല. കേസ് തീർപ്പാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

148 (3854) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിനായി ജലസേചന വകുപ്പിനുകീഴിൽ 20% ഫണ്ട് വകയിരുത്തിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

മുൻസർക്കാരിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിലെ ചേലേമ്പ്ര പഞ്ചായത്തിൽ പുല്ലിപ്പുഴയ്ക്കുകുറുകെ SWE ചെക്ക് ഡാം-കം-റെഗുലേറ്റർ നിർമ്മാണപ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷനുവേണ്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കിയ 7.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഭേദഗതികൾ ആവശ്യമാണെന്ന് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരികയാണ്.

(ബി) നിലവിൽ ജലസേചന വകുപ്പിനുകീഴിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കേണ്ട ഏതൊക്കെ പ്രവൃത്തികളാണ് ബാക്കിയുള്ളത്; അവയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ മുഴിക്കൽ കനാലിൽ 2 ഷട്ടറുകളുടെ ഓപ്പറേറ്റിംഗ് മെക്കാനിസമുൾപ്പെടെ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*.

**ജൽ ജീവൻ മിഷൻ**

149 (3855) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ ഫണ്ടുപയോഗിച്ച് കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്നും അവയ്ക്ക് എത്ര തുകവീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയിലുൾപ്പെടുത്തി ചീക്കോട്, ചെറുകാവ്, മുതുവല്ലൂർ, പുളിക്കൽ, വാഴക്കാട്, വാഴയൂർ എന്നീ പഞ്ചായത്തുകളിലായി 32765 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഈ പ്രവൃത്തികൾക്കായി 10,800 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ പ്രവൃത്തിയുടെയും ടെണ്ടർ നടപടി ഏത് ഘട്ടത്തിലാണെന്ന് പ്രത്യേകം വിശദമാക്കുമോ?

മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ മുതുവല്ലൂർ (ഫേസ്-1), ചെറുകാവ്, വാഴയൂർ, വാഴക്കാട്, പുളിക്കൽ എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ചീക്കോട് പഞ്ചായത്തിലെ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ടെണ്ടർ ഉറപ്പിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ?

ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിലവിൽ തടസ്സങ്ങളൊന്നും നേരിടുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly